(സി) ഇല്ല.

(ഡി) അനുരഞ്ജനയോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്തതിനുശേഷം ഒരു ഒത്തുതീർപ്പിൽ എത്താനുള്ള സാദ്ധ്യതകൾ ഇല്ലെന്നു ബോദ്ധ്യമായതിനാൽ ഈ തൊഴിൽത്തർക്കം വ്യാവസായികകോടതിയുടെ തീരുമാനത്തിനു വിട്ടുകൊടുത്തു.

പോലീസ് ഉദ്യോഗസ്ഥന്മാർക്കുവേണ്ടിയുള്ള വാഹനങ്ങൾ.

*752. [44] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പോലീസ് ഉദ്യോഗസ്ഥന്മാർക്കുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങി;

(ബി) ഈ സംസ്ഥാനത്തെ എല്ലാ സർക്കിൾ ഇൻസ്പെക്ടറുടേയും ഓരോ ജീപ്പ് കൊടുക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ എടുക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഈ സാമ്പത്തികവർഷത്തിൽ വാഹനങ്ങൾ ഒന്നും വാങ്ങിയിട്ടില്ല.

(ബി) ഇല്ല.

(സി) നടപടികൾ എടുക്കുന്നുണ്ട്.

കൊച്ചി ഹാർബർ.

*753. [45] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർമുക്കത്തു ബണ്ടു് പണിയുന്നതുകൊണ്ടു് കൊച്ചി ഹാർബറിനു ദോഷമുണ്ടാകും എന്നു പറയുന്നതിനെക്കുറിച്ചുള്ള വിദഗ്ദ്ധാഭിപ്രായം എന്താണു്;

(ബി) ഒന്നാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തിയിരുന്ന പ്രസ്തുത പണി തുടങ്ങാതിരിക്കുന്നതിനു് ഇതല്ലാതെ മറ്റു് എന്തെങ്കിലും കാരണമുണ്ടോ;

(സി) പ്രസ്തുത പണി സംബന്ധിച്ചു് അവസാന തീരുമാനം കൈക്കൊള്ളുന്നതിനു് ഗവണ്മെന്റു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) തണ്ണീർമുക്കം ബണ്ടു് ഇപ്പോഴത്തെ പ്ലാൻ അനുസരിച്ചു് കെട്ടുകയാണെങ്കിൽ കൊച്ചു് തുറമുഖത്തിനു് ദോഷമുണ്ടാകാൻ ഇടയുണ്ടെന്നും, ഈ കാര്യത്തിൽ കൂടുതൽ പരീക്ഷണങ്ങൾ നടത്തിയതിനുശേഷമെ ഖണ്ഡിതമായി ഒരു തീരുമാനം എടുക്കാവൂ എന്നുമാണു് വിദഗ്ദ്ധാഭിപ്രായം.

(ബി) ഇല്ല.

(സി) ഇതു സംബന്ധിച്ചു് ഒരു വിദഗ്ദ്ധക്കമ്മിറ്റിയെ നിയമിക്കുകയും, ആ കമ്മിറ്റിയുടെ അഭിപ്രായം അനുസരിച്ചു് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

വിവരങ്ങളെല്ലാം ശേഖരിച്ച് മോഡലുകളുടെ സഹായത്തോടുകൂടി പൂനായിലുള്ള സെൻട്രൽ വാട്ടർ ആൻറ് പവ്വർറിസർച്ച് സ്റ്റേഷനിൽ പരീക്ഷണങ്ങൾ നടത്തുന്നതിന് ഉള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ഭക്ഷ്യധാന്യങ്ങൾ.

* 754. [46] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനിയന്ത്രണം ഏർപ്പെടുത്തിയതിനുശേഷം നമ്മുടെ സംസ്ഥാനത്ത് എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്തിട്ടുണ്ട്;

(ബി) വിനിയന്ത്രണത്തിനു മുൻപ് സ്റ്റോക്കുചെയ്തിരുന്ന ഭക്ഷ്യധാന്യത്തിൽ എത്ര ടൺ ഇപ്പോൾ നീക്കിയിരിപ്പുണ്ട്;

(സി) അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ തുടങ്ങിയവ ഓരോന്നും എത്ര ടൺ വീതമുണ്ട്;

(ഡി) കെട്ടിക്കിടക്കുന്ന ഈ ഭക്ഷ്യധാന്യങ്ങൾ വിറ്റഴിക്കുന്നതിനു് ഗവണ്മെൻറിൽനിന്നു് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഭക്ഷ്യധാന്യവിനിയന്ത്രണത്തിനുശേഷം സംസ്ഥാനത്ത് ആകെ 79,427 ടൺ അരി ഇറക്കുമതി ചെയ്തിട്ടുണ്ട്.

(ബി) വിനിയന്ത്രണത്തിനുമുൻപ് സ്റ്റോക്കുചെയ്തിട്ടുള്ള ഭക്ഷ്യധാന്യങ്ങളിൽ 13,674 ടൺ അരി ഇപ്പോൾ നീക്കിയിരുപ്പുണ്ട്.

(സി) വിനിയന്ത്രണത്തിനുമുൻപ് സ്റ്റോക്കുണ്ടായിരുന്നതിൽ 13674 ടൺ അരി മാത്രമേ ഇപ്പോൾ സ്റ്റോക്കുള്ളൂ. ഗോതമ്പ്, പയറുവർഗ്ഗങ്ങൾ മുതലായവ ഇപ്പോൾ ഗവണ്മെൻറ് ഗോഡൗണുകളിൽ ഇല്ല.

(ഡി) ഗവണ്മെൻറിൻറെ കൈവശമുള്ള സ്റ്റോക്ക് കേന്ദ്രഗവണ്മെൻറിനെ ഏൽപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഭൂമിപതിവു്.

* 755. [47] ശ്രീ. ജോസഫ് മുണ്ടശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിയോഗ്യമായ സർക്കാർ ഭൂമി ഏതെങ്കിലും തരത്തിൽ പതിച്ചുകൊടുക്കുന്നതു്, കൃഷിഭൂമി സ്വന്തമായി ഇല്ലാത്തവരും മറ്റു അന്തസ്സുള്ള ജോലികളിൽ ഏർപ്പെടുവാൻ കഴിവില്ലാത്തവരും എന്നാൽ കൃഷിചെയ്തു ജീവിക്കാൻ ഇഷ്ടപ്പെടുന്നവരുമായ സമീപവാസികൾക്കായിരിക്കണമെന്നുള്ള നയം ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) തൃശ്ശൂർ താലൂക്കിൽ കണിമംഗലം വില്ലേജിൽ ഉള്ള മാനാഞ്ചേരികാപ്പിലെ 117 ഏക്കർ ഭൂമി എന്തടിസ്ഥാനത്തിലാണ് കൃഷിക്ക് ഏല്പിച്ചുകൊടുത്തിരുന്നതെന്നും ആർക്കെല്ലാമാണ് കൊടുത്തിരുന്നതെന്നും പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly